നദികളിൽനിന്നും അന്യസംസ്ഥാനങ്ങൾ ജലം കടത്തിക്കൊണ്ടു പോകുന്നത് തടയാൻ നടപടി

22 (*641)ശ്രീ ജോർജ് ജെ. മാത്യു :

ശ്രീ. ഇ.എം. അഗസ്തി :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നദികളിൽനിന്നും അന്യസംസ്ഥാനങ്ങൾ ജലം കടത്തിക്കൊണ്ടുപോകുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനും തടയുന്നതിനും എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) പമ്പ, അച്ചൻകോവിൽ എന്നീ നദികളിൽനിന്നും തമിഴ്നാട്ടിലേക്ക് ജലം കടത്തിക്കൊണ്ട് പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

(ഡി) പ്രസ്തുത നദികളിലെ ജലം കടത്തിക്കൊണ്ടുപോകുന്നത് തുടർന്നാൽ മദ്ധ്യതിരുവിതാംകൂറിൽ ജലക്ഷാമം രൂക്ഷമാകുമെന്ന് കരുതുന്നുണ്ടോ;

(ഇ) പ്രസ്തുത നദികളിൽനിന്ന് ജലം കടത്തിക്കൊണ്ടുപോകുന്നത് തടയാൻ നടപടി സ്വീകരിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) അന്യസംസ്ഥാനങ്ങൾ അനധികൃതമായി ജലം കടത്തുന്നത് പരിശോധിക്കാൻ തൃശ്ശൂർ ഇൻവെസ്റ്റിഗേഷൻ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ വിജിലൻസ് കോ-ഓർഡിനേറ്ററായും അതാത് ബേസിനുകളുടെ ചുമതലയുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ വിജിലൻസ് ഓഫീസർമാരായും ഉള്ള ഒരു സംവിധാനം നിലവിലുണ്ട്.

(ബി) & (സി) ജലം തിരിച്ചു വിടാനുള്ള ശ്രമം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1980-ൽ വനംവകുപ്പ്, ഇത് തടയുന്നതിനായി, ഒരു പ്രത്യേക സ്ക്വാഡ് രൂപീകരിക്കുകയും വെള്ളം ചോർത്തൽ ശ്രമം പൂർണ്ണമായി തടയുകയും ചെയ്തിരുന്നു. അടിക്കടി സംസ്ഥാന അതിർത്തി പരിശോധനയും വെള്ളം ചോർത്താൻ സാദ്ധ്യതയുള്ള നദികളുടെ ഉത്ഭവസ്ഥാനത്തുള്ള പരിശോധനയും വനംവകുപ്പ് നടത്തിവരുന്നുണ്ട്.

(ഡി) & (ഇ) മേൽപ്പറഞ്ഞ നദികളിൽനിന്ന് ജലം കടത്തിക്കൊണ്ടുപോകുന്നതിന് ആരെയും അനുവദിക്കുകയോ ആർക്കെങ്കിലും അനുമതി നല്കുകയോ ചെയ്തിട്ടില്ല. മാത്രമവുമല്ല ജലം കടത്തിക്കൊണ്ടുപോകുന്നത് തടയാൻ എല്ലാ മുൻകരുതൽ നടപടികളും ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ്

23 (*642)ശ്രീ. എഴുകോൺ നാരായണൻ :

ശ്രീ. കെ.എ. ചന്ദ്രൻ :

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് പ്രവർത്തനമാരംഭിച്ചത് എന്നു മുതലാണ്;

(ബി ഈ സ്ഥാപനത്തിന്റെ ഉദ്ദേശലക്ഷ്യം എന്തെല്ലാമാണ്;

(സി) ഈ സ്ഥാപനത്തിൽ നിന്നും ട്രെയിനിംഗ് പൂർത്തിയാക്കുന്ന വർക്കുള്ള തൊഴിൽ സാദ്ധ്യതകൾ വിശദമാക്കുമോ?

ആരോഗ്യവും സ്പോർട്ട്സ് വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) :

(എ) 1956 മുതൽ

(ബി) ഇത് ഒരു സ്ഥാപനമല്ല. ഇത് സംസ്ഥാന തലത്തിലുള്ള ഒരു ഉപദേശക സമിതിയാണ്. കേന്ദ്ര സർക്കാർ തലത്തിലുള്ള നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് എടുക്കുന്ന തീരുമാനങ്ങളും സംസ്ഥാന സർക്കാരിന്റെ ട്രെയിനിംഗ് പ്രോഗ്രാമിൽ ഏകോപിപ്പിക്കുകയാണ് ഇതിന്റെ ലക്ഷ്യം. കൂടാതെ നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗിന്റെ പരിധിയിൽ വരാത്ത പുതിയ കോഴ്സുകൾ തുടങ്ങാനും പരീക്ഷകൾ നടത്തി സർട്ടിഫിക്കറ്റുകൾ നൽകാനും കൗൺസിലിന് ചുമതലയുണ്ട്. (കൂടുതൽ വിവരങ്ങൾ അനുബന്ധമായി† ചേർത്തിരിക്കുന്നു.

(സി) ഇത് ഒരു സ്ഥാപനമല്ല. ഒരു ഉപദേശക സമിതിയാണ്. ആയതിനാൽ ചോദ്യം ഉദിക്കുന്നില്ല.

രണ്ടായിരാമാണ്ടിൽ എല്ലാവർക്കും കുടിവെള്ളം

24 (*643)ശ്രീമതി രാധാ രാഘവൻ :

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടായിരാമാണ്ടിൽ എല്ലാവർക്കും കുടിവെള്ളം നല്കാനുള്ള പദ്ധതി സർക്കാർ നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നല്കാൻ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ;

(സി) എങ്കിൽ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) നടപ്പാക്കി വരുന്നു. രണ്ടായിരാമാണ്ടോടുകൂടി സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും പരിമിതമായ തോതിലെങ്കിലും ശുദ്ധജലം എത്തിക്കുന്നതിന് വേണ്ടിയുള്ള ഒരു ബൃഹത്പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇത് കേരളാ ജല അതോറിട്ടി, തദ്ദേശസ്ഥാപനങ്ങൾ, ഭൂജലവകുപ്പ് എന്നിവയുടെ സംയുക്തസംരംഭമായി 1998-99, 1999-2000, 2000-2001 എന്നീ വർഷങ്ങളിലായി നടപ്പിൽ വരുത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) ഉണ്ട്.

---

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

		Exam.		
	2	BSRB Exam.	53	nil
1998-99	1	Two Year Stenography	40	course continuing
	2	MBBS/Engg. Entrance Exam.	17	05
	3	KPSC L.D.Clerk Exam.	05	*
	4	KPSC L.D.Clerk Exam.	67	*
	5	SSC L.D.Clerk Grade Exam.	52	*
	6	BSRB Clerks Grade Exam.	48	nil
	7	KPSC Village Man Exam.	13	*

അനുബന്ധം V

(28.3.2000-ത്തിലെ ചോദ്യം 23 (*642)-ന്റെ ഉത്തരം ദയവായി കാണുക.)

ട്രെയിനിംഗ് മാനുവൽ അനുസരിച്ച് താഴെ പറയുന്ന ചുമതലകൂടി സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗിനുണ്ട്.

1. എഞ്ചിനീയറിംഗ് നോൺ എഞ്ചിനീയറിംഗ് ട്രേഡുകൾക്ക് നാഷണൽ കൗൺസിൽ നിശ്ചയിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുക.

2. നാഷണൽ കൗൺസിൽ എടുക്കുന്ന തീരുമാനങ്ങളും പ്രവർത്തന പദ്ധതികളും, കോഴ്സുകളുടെ സിലബസുകൾ, ഉപകരണങ്ങൾ, കോഴ്സുകളുടെ കാലയളവ്, കോഴ്സുകളിൽ ഉൾക്കൊള്ളിക്കാവുന്ന സീറ്റുകളുടെ പരിധി, ട്രെയിനിംഗ് നടത്തേണ്ട രീതി എന്നിവ നടപ്പിൽ വരുത്തുക.

3. വൊക്കേഷണൽ ട്രേഡുകളുടെ പരീക്ഷാ നടത്തിപ്പിനായി പരീക്ഷാ ബോർഡ് രൂപീകരിക്കുക.

4. നാഷണൽ കൗൺസിൽ നിശ്ചയിച്ചിട്ടുള്ള നിലവാരത്തിലാണോ ഐ.ടി.ഐ.കളിലും ഐ.ടി.സി.കളിലും ട്രെയിനിംഗ് നടത്തുന്നതെന്ന് പരിശോധിച്ചു വിലയിരുത്തുക.

5. സ്റ്റേറ്റ് കൗൺസിൽ ഉപദേശകരായി ആളുകളെ തിരഞ്ഞെടുക്കുക.

6. നാഷണൽ കൗൺസിൽ തീരുമാനിച്ച യോഗ്യതയുള്ള ജീവനക്കാരെ വിവിധ ട്രേഡുകളിൽ ലഭിക്കാതെ വന്നാൽ യോഗ്യതയിൽ കുറവു വരുത്തി ജീവനക്കാരെ നിയമിക്കുക.

7. നാഷണൽ കൗൺസിലിന്റെ നിർദ്ദേശങ്ങൾ പ്രകാരമാണോ സംസ്ഥാന പരീക്ഷാ ബോർഡ് പരീക്ഷകൾ നടത്തുന്നതെന്ന് ഉറപ്പുവരുത്തുക.

8. കോഴ്സുകൾ പൂർത്തിയാക്കുന്ന ട്രെയിനികൾക്ക് നാഷണൽ ട്രേഡു സർട്ടിഫിക്കറ്റ് മേലൊപ്പിട്ടു നൽകുക.

9. അധികമായി ഉണ്ടാകുന്ന ട്രെയിനിംഗ് പ്രോഗ്രാമുകൾക്ക് ആവശ്യമായി വരുന്ന അധിക ട്രെയിനിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ശുപാർശ നൽകുക.

10. വിവിധ ട്രെയിനിംഗ് സ്കീമുകളുടെ നടത്തിപ്പിനാവശ്യമായി വരുന്ന ചെലവുകൾ സർക്കാരിനെ അറിയിക്കുക.

11. സർക്കാർ നിർദ്ദേശിക്കുന്ന കാര്യങ്ങൾ നടപ്പിൽ വരുത്തുക.

LIBRARY ARCHIVES Kerala Legislative Assembly